REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ അഭിമാനം പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്കെതിരെ ഒറ്റക്കെട്ടാകാൻ ദൗത്യം വഴിയൊരുക്കിയതായി മൻ കി ബാതിൽ പ്രധാനമന്ത്രി.**
- **സ്വയംപര്യാപ്ത ഭാരതത്തിന്റെ ആവശ്യകതയും ശക്തിയും ജനങ്ങൾക്ക് ബോധ്യപ്പെട്ടതായും നരേന്ദ്രമോദി.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു. ജൂൺ 19ന് വോട്ടെടുപ്പ് - 23ന് വോട്ടെണ്ണൽ.**
- **സംസ്ഥാനത്ത് ഇന്നും കാലവർഷം ശക്തമായി തുടരുന്നു.**
- **കൊച്ചിക്ക് സമീപം മുങ്ങിയ ലൈബീരിയൻ കപ്പലിൽ നിന്ന് എണ്ണ ചോർച്ച നിയന്ത്രിക്കാൻ കോസ്റ്റ് ഗാർഡ് ശ്രമം തുടങ്ങി.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ അഭിമാനം പങ്കുവെച്ച് മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്കെതിരെ രാജ്യം ഒറ്റക്കെട്ടാകാൻ ഓപ്പറേഷൻ സിന്ദൂർ വഴിയൊരുക്കിയതായി അദ്ദേഹം പറഞ്ഞു. സൈന്യത്തിന്റെ പ്രകടനം ഓരോ ഭാരതീയന്റേയും അഭിമാനമായി. അതിർത്തികടന്ന് ഇന്ത്യൻ സൈന്യം തീവ്രവാദകേന്ദ്രം കൃത്യമായി തകർത്തു. ഭീകരതയ്ക്കെതിരായ ആഗോള പോരാട്ടത്തിന് ഓപ്പറേഷൻ സിന്ദൂർ പുതിയ ആത്മവിശ്വാസവും ആവേശവും നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

...വോയ്സ്.....PM..........

ഓപ്പറേഷൻ സിന്ദൂർ വെറുമൊരു സൈനിക ദൗത്യമല്ല. ഒരു രാജ്യത്തിന്റെ ദൃഢനിശ്ചയത്തിന്റേയും ധൈര്യത്തിന്റേയും മാറുന്ന ഭാരതത്തിന്റേയും ചിത്രമാണ്. ഇത് രാജ്യത്തെ മുഴുവൻ ദേശഭക്തികൊണ്ട് നിറച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഭീകരകേന്ദ്രങ്ങളെ തകർത്തത് സൈന്യത്തിന്റെ അജയ്യമായ ധൈര്യമായിരുന്നു. ഒപ്പം ഭാരതത്തിൽ നിർമ്മിച്ച ആയുധങ്ങളുടേയും ഉപകരണങ്ങളുടേയും സാങ്കേതിക വിദ്യയുടേയും ശക്തിയും അതിൽ ഉൾപ്പെട്ടിരുന്നു. സ്വയംപര്യാപ്ത ഭാരതം എന്ന ഉറച്ചതീരുമാനവും അതിൽ ഉൾച്ചേർന്നിരുന്നു. അതിന് ശേഷം വോക്കൽ ഫോർ ലോക്കൽ എന്ന വിഷയത്തിൽ പുതിയ ഊർജ്ജം രാജ്യത്ത് നിറഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ നിർമ്മിച്ച കളിപ്പാട്ടങ്ങൾ മാത്രം കുട്ടികൾക്കായി വാങ്ങുമെന്ന് രക്ഷിതാക്കൾ തീരുമാനിച്ചു. അവധിക്കാലം രാജ്യത്തു തന്നെ ചെലവഴിക്കാൻ മറ്റ് ചിലർ തീരുമാനമെടുത്തു. യുവാക്കൾ ഭാരതത്തിൽ നിന്നുതന്നെ വധുക്കളെ തെരഞ്ഞെടുക്കാനും സമ്മാനങ്ങൾ നൽകുന്നവർ ഭാരതീയ കരകൗശല വിദഗ്ധരുടെ കൈകൊണ്ടുനിർമ്മിച്ചവ തെരഞ്ഞെടുക്കാനും തീരുമാനിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഇതാണ് ജനമനസ്സുകളുടെ ഒത്തൊരുമയും ജനപങ്കാളിത്തവും.

മാവോയിസ്റ്റ് ആക്രമണങ്ങളിൽ നിന്ന് മഹാരാഷ്ട്ര ഗഡ്ചിരോളിയിലെ കാട്ടേഝരി ഗ്രാമം മോചിതമായപ്പോൾ ഗ്രാമീണർ പ്രകടിപ്പിച്ച സന്തോഷം പ്രധാനമന്ത്രി മൻ കി ബാതിൽ പങ്കുവെച്ചു.

.........വോയ്സ്..........

മാവോയിസത്തിനെതിരായ കൂട്ടായ പോരാട്ടം ഗതാഗതമുൾപ്പെടെ ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് വഴിയൊരുക്കി. നക്സൽ ബാധിത പ്രദേശത്തെ ബസ്തർ ഒളിമ്പിക്സും സയൻസ് ലാബും വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചിയും കായിക മികവും മെച്ചപ്പെടുത്തി. ദന്തേവാഡ ജില്ല 10,12 ക്ലാസ് പരീക്ഷകളിൽ 95 ശതമാനത്തിലേറെ വിജയം നേടി. ഒരുകാലത്ത് മാവോയിസത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു ദന്തേവാഡ എന്ന് അദ്ദേഹം അനുസ്മരിച്ചു.

തെലങ്കാനയിലെ സങ്കാർ റെഡ്ഡി ജില്ലയിൽ അടുത്ത കാലം വരെ മറ്റുള്ളവരെ ആശ്രയിച്ചിരുന്ന സ്ത്രീകൾ ഡ്രോൺ ദീദികളായി മാറിയ അനുഭവ കഥയും പ്രധാനമന്ത്രി വിവരിച്ചു. ഡ്രോൺ സഹായത്തോടെ 50 ഏക്കർ സ്ഥലത്തെ മരുന്നുതളിക്കൽ അവർ പൂർത്തിയാക്കുന്നു. കടുത്ത വെയിലോ, വിഷ രാസവസ്തുക്കളുടെ അപകട സാധ്യതയോ ഇല്ലാതെ.

✪✪✪

പൈൻ മരത്തിൽ നിന്ന് വീഴുന്ന ഉണങ്ങിയ പുറന്തൊലി ഉപയോഗിച്ച് മനോഹര കലാസൃഷ്ടി നിർമ്മിക്കുന്ന ഉത്തരാഖണ്ഡിലെ ജീവൻ ജോഷിയെന്ന 65 കാരൻ ഒരു നാടിന്റെ പ്രചോദനമായ കഥ പ്രധാനമന്ത്രി വിശദീകരിച്ചു. പോളിയോ ബാധിച്ച് അദ്ദേഹത്തിന്റെ കാലുകൾ തളർന്നെങ്കിലും മനസ്സ് ഭാവനയുടെ ഭ്രമണലോകത്തായിരുന്നു. പൈൻ മരത്തിന്റെ പുറന്തൊലിയിൽ അതിമനോഹര കലാരൂപങ്ങൾ നിർമ്മിക്കുന്ന ബഗേറ്റ് എന്ന കലാരൂപം ജീവൻ ജോഷിയുടെ കണ്ടെത്തലാണ്.

യോഗയിൽ നിന്ന് അകന്നു നിൽക്കുന്നവർ യോഗാഭ്യാസവുമായി ബന്ധപ്പെടാൻ ഉചിതമായ അവസരമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജൂൺ 21ലെ യോഗാ ദിനം ആഘോഷിക്കാൻ ഇന്ത്യയിലും മറ്റുരാജ്യങ്ങളിലും ആളുകൾ തയാറെടുപ്പ് തുടങ്ങിക്കഴിഞ്ഞു. ആന്ധ്രാ ഗവൺമെന്റ്, 'യോഗ ആന്ധ്രാ' പ്രചാരണത്തോടെ സംസ്ഥാനത്ത് പുതിയ യോഗ സംസ്കാരത്തിന് വഴി തുറക്കുകയാണ്.

CBSE യുടെ ഷുഗർബോർഡ് സംരംഭം പഞ്ചസാര ഉപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാ ക്കുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ആരോഗ്യകരമായ ജീവിത രീതി തെരഞ്ഞെടുക്കാൻ കുട്ടികളെ ഇത് പ്രേരിപ്പിക്കുന്നുണ്ട്. കരുത്തുറ്റ ഇന്ത്യയുടെ അടിത്തറയാണ് ഫിറ്റ് ഇന്ത്യ എന്നും നരേന്ദ്രമോദി ഓർമ്മിപ്പിച്ചു.

രാജ്യത്തിന്റെ മാലിന്യത്തിൽ നാലിൽ ഒന്നും കടലാസുകളുമായി ബന്ധപ്പെട്ടതാണെന്ന് പ്രധാനമന്ത്രി വെളിപ്പെടുത്തി.

........വോയ്സ്.....

പാഴ്ക്കടലാസ് ഉപയോഗിച്ച് പല നഗരങ്ങളിലും നിരവധി സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ഒരു ടൺ പേപ്പറിന്റെ പുനരുപയോഗത്തിലൂടെ 17 മരങ്ങൾ മുറിക്കുന്നത് ഒഴിവാക്കാനും ആയിരക്കണക്കിന് ലിറ്റർ വെള്ളം ലാഭിക്കാനും കഴിയുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

യുവകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ ഖേലോ ഇന്ത്യ കാരണമായി മാറിയെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇത്തരം പരിപാടികൾ ഭാരതത്തിന്റെ കായിക രംഗത്തിന്റെ ഭാവി കൂടുതൽ മെച്ചപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

തേനീച്ച വളർത്തലിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ പ്രധാനമന്ത്രി ഡിജിറ്റൽ സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയും ഉപയോഗിച്ച് തേനിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന വിവരം ജനങ്ങളെ അറിയിച്ചു. പ്രാദേശിക

കർഷകരിൽ നിന്നോ തേൻസംരംഭകരിൽ നിന്നോ ഉത്പന്നം വാങ്ങുന്നതിലൂടെ ഭാരതത്തിന്റെ കഠിനാദ്ധ്വാനത്തിന്റേയും പ്രതീക്ഷയുടേയും മധുരം നുകരാനാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. തേനീച്ചകളെ സുരക്ഷിതമായി മാറ്റുന്ന 'ബീ മിത്ര' എന്ന പ്രസ്ഥാനത്തെ കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു. ജൂൺ 19 നാണ് വോട്ടെടുപ്പ്. 23ന് വോട്ടെണ്ണലും നടക്കും. ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനം നാളെയുണ്ടാകും.

PV അൻവർ രാജിവച്ചതിനാലാണു നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. ഇതിനു പുറമെ ഗുജറാത്തിലെ കാദി, വിസാവദർ, പഞ്ചാബിലെ ലുധിയാന വെസ്റ്റ്, ബംഗാളിലെ കാളിഗഞ്ച് എന്നീ മണ്ഡലങ്ങളിലേക്കും 19-ന് ഉപതിരഞ്ഞെടുപ്പ് നടത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 2 ആണ്. സൂഷ്മ പരിശോധന ജൂൺ മൂന്നിനും പത്രിക പിൻവലിക്കേണ്ട അവസാന തീയതി ജൂൺ അഞ്ചുമാണ്.

✪✪✪

നിലമ്പൂരിലേത് കേരളം കാത്തിരുന്ന ഉപതെരഞ്ഞെടുപ്പ് ആണെന്ന് CPIM സംസ്ഥാന സെക്രട്ടറി MVഗോവിന്ദൻ പറഞ്ഞു LDF ന്റെ താഴെതലം മുതൽ കമ്മിറ്റികളുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

അൻവർ UDFന് വേണ്ടി LDFനെ ഒറ്റുകൊടുത്തുവെന്നും അൻവറിന്റെ യാത്ര, UDFന് വേണ്ടിയാണെന്നും ഗോവിന്ദൻ കുറ്റപ്പെടുത്തി

✪✪✪

കാലവർഷസമയത്ത് നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച കാര്യത്തിൽ സംസ്ഥാന ഗവൺമെന്റാണ് അഭിപ്രായം പറയേണ്ടതെന്ന് മുസ്ലീം ലീഗ് അഖിലേന്ത്യ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. തെരഞ്ഞെടുപ്പ് എപ്പോൾ നടന്നാലും UDF മത്സരിക്കാൻ സജ്ജമാണെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ് അടിച്ചേൽപ്പിച്ചതിന് ഉത്തരവാദികൾ ആരാണെന്ന് ജനങ്ങൾക്കറിയാമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഉപതെരഞ്ഞെടുപ്പിൽ എന്ത് നയം സ്വീകരിക്കണം

എന്നത് സംബന്ധിച്ച് NDA യോഗം ചേർന്ന് തീരുമാനമെടുക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നിലമ്പൂരിൽ ഉചിതമായ സമയത്ത് ഉചിതമായ തീരുമാനം പാർട്ടി എടുക്കുമെന്ന് KPCC വർക്കിംഗ് പ്രസിഡന്റ് ഷാഫി പറമ്പിൽ പറഞ്ഞു. അത് വിജയത്തിലേക്കു നയിക്കുന്ന തീരുമാനം ആയിരിക്കുമെന്നും നിലമ്പൂരിലെ ജനത വിജയം സമ്മാനിക്കുമെന്നും ഷാഫി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും കാലവർഷം ശക്തമായി തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രതയും ഒമ്പത് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ 65 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ മലയോര മേഖലയിൽ രാത്രിയും രാവിലെയും പെയ്ത ശക്തമായ മഴയിൽ പുഴകളിലെ ജലനിരപ്പ് ഉയർന്നു. കടൽ പ്രക്ഷുബ്ധമാണെങ്കിലും നിലവിൽ അപകടസാഹചര്യം കോഴിക്കോട്ടില്ല. ചാലിയാറിലും ചാലിപ്പുഴയിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

വിലങ്ങാട് വില്ലേജ് പരിധിയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കഴിഞ്ഞ വർഷം ഉരുൾ പൊട്ടലുണ്ടായ മഞ്ഞച്ചീളിയിലെ 9 കുടുംബങ്ങളെ വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിലേക്ക് മാറ്റിത്താമസിപ്പിച്ചു. കാവിലും പാറ മൂന്നാം കൈ തോടിന്റെ വശം ഇടിഞ്ഞത് കാരണം നാല് കുടുംബങ്ങളെ അടുത്ത വീടുകളിലേക്ക് മാറ്റി. വയനാട്ചുരത്തിലും പരിസരപ്രദേശങ്ങളിലും കനത്ത മഴയാണ്.

✪✪✪

കൊച്ചിക്ക് സമീപം 38 നോട്ടിക്കൽ മൈൽ അകലെ മുങ്ങിയ MSC ELSA 3 എന്ന കണ്ടെയ്നർ കപ്പലിൽ നിന്ന് എണ്ണ ചോർച്ച നിയന്ത്രിക്കാൻ കോസ്റ്റ് ഗാർഡ് കപ്പൽ ICG- SAKSHAM ശ്രമം ആരംഭിച്ചു. കോസ്റ്റ് ഗാർഡ് ഡോർണിയർ വിമാനവും നിരീക്ഷണം തുടരുകയാണ്. കപ്പൽ പൂർണമായി മുങ്ങി.

കപ്പലിൽ നിന്ന് കടലിൽ വീണതായി സംശയിക്കപ്പെടുന്ന ഒരു വസ്തുവും പൊതുജനങ്ങൾ തൊടാനോ കൈകാര്യം ചെയ്യാനോ ശ്രമിക്കരുതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വീണ്ടും അഭ്യർത്ഥിച്ചു. കപ്പലിൽ നിന്ന് തീരപ്രദേശങ്ങളിലേക്ക് ഒഴുകിയെത്തുന്ന വസ്തുക്കളിൽ നിന്ന് 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും അതോറിറ്റി ആവശ്യപ്പെട്ടു. അത്തരം വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ 112 എന്ന നമ്പറിൽ അറിയിക്കണം.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഈ വർഷത്തെ ഹജ്ജ് സർവ്വീസ് ഈ മാസം 29 ന് അവസാനിക്കും. ഇതുവരെ 20 വിമാനങ്ങളാണ് ഹജ്ജ് യാത്രികരുമായി ജിദ്ദയിലേക്ക് പോയത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......വോയ്സ്.......

ഈ മാസം 11ന് ആരംഭിച്ച് ഹജ്ജ് സർവ്വീസിൽ 20 വിമാനങ്ങളിലായി 3397 തീർത്ഥാടകരാണ് ഇതുവരെ കണ്ണൂരിൽ നിന്ന് യാത്രതിരിച്ചത്.ഇതിൽ 2132 സ്ത്രീകളും 1265 പുരുഷൻമാരുമാണ് . ഇന്നലെ രണ്ട് വിമാനങ്ങളിലായി 339 പേർ ജിദ്ദയിലേക്ക് പോയി. ഇന്ന് പുലർച്ചെ ഒരുമണ്ിക്ക് 170 ഓളം യാത്രക്കാരുമായാണ് എയർ ഇന്ത്യ എക്സ്പ്രസ് വിമാനം പുറപ്പെട്ടത്. ഇനി ഏഴ് വിമാനങ്ങളിലിലായി ആയിരത്തോളം തീർഥാടകർ കണ്ണൂരിൽ നിന്ന് ഹജ്ജ് കർമ്മത്തിനായി പുറപ്പെടും.ജൂൺ 30 നാണ് തീർഥാടകരുടെ മടക്കയാത്ര ആരംഭിക്കുക. മദീനയിൽ നിന്ന് ജൂലൈ 10 വരെ മടക്ക സർവ്വീസ് കണ്ണൂരിലേക്കുണ്ടാകും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് വൈകീട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ, ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. മറ്റൊരു മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകീട്ട് ഏഴരയ്ക്ക് ഡൽഹിയിലാണ് മത്സരം.

✪✪✪

കോഴിക്കോട് രൂപതയെ അതിരൂപതയായും മാർ വർഗീസ് ചക്കാലക്കലിനെ ആർച്ച് ബിഷപ്പായും ഉയർത്തുന്ന ചടങ്ങുകൾ ഇന്ന് നടത്തും. വൈകീട്ട് കോഴിക്കോട് സെന്റ് ജോസഫ്സ് പള്ളിയിലെ സ്ഥാനാരോഹണ ചടങ്ങുകൾക്ക് അപ്പസ്തോലിക് നൂൺഷ്യോ റവ. ഡോ. ലിയോപോൾഡോ ജിറല്ലി നേതൃത്വം നൽകും. KCBC പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് വചന പ്രഘോഷണം നടത്തും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: നിഷിതകുമാരി*
*News Team: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*